ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1012

# സൂറ – 31 / ലുഖ്മാൻ

## സൂക്തം: 22 – 26

അല്ലാഹുവിന്റേതല്ലാത്ത ബഹുവിധ പാശങ്ങളിൽ ആളുകൾ പിടിത്തമിട്ടിട്ടുണ്ടല്ലോ. അതുകൊണ്ടൊക്കെ എന്തെങ്കിലും ചില ഗുണങ്ങൾ കിട്ടാതിരിക്കില്ല എന്നാണ് വിചാരം. അതൊരു വ്യാമോഹം മാത്രമാകുന്നു. ഈ കള്ളക്കയറുകളൊന്നും ആർക്കും ഒരുപകാരവും ചെയ്യാൻ പോകുന്നില്ല. ആ കയറുകൾ പിടിച്ചവരാരും അതെറിഞ്ഞുതന്നവരിലേക്കല്ല എത്തുന്നത്. അവരടക്കം എല്ലാവരും ഒടുവിൽ വന്നെത്തുന്നത് അല്ലാഹുവിങ്കലാണ്. അവൻ മാത്രമാണ് രക്ഷാശിക്ഷകൾ വിധിക്കുന്നത്. വ്യാജ രക്ഷാപാശങ്ങളിൽ പിടിത്തമിട്ടവർക്കുവേണ്ടി അതെറിഞ്ഞുകൊടുത്ത വ്യാജരക്ഷകർക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

وَمَن يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ ۗ وَإِلَى اللَّهِ عَاقِبَةُ الْأُمُورِ ﴿٢٢﴾

22. എന്നാൽ സുകൃതചാരിയായിക്കൊണ്ട് അല്ലാഹുവിന് സ്വയം സമർപ്പിക്കുന്നവനുണ്ടല്ലോ, തീർച്ചയായും അവൻ ബലിഷ്ഠമായ പാശം മുറുകെ പിടിച്ചിരിക്കുന്നു. സകല കാര്യങ്ങളുടെയും അന്തിമ പരിണതി അല്ലാഹുവിങ്കലേക്കു തന്നെയാകുന്നു.

**22**

وَمَن يُسْلِمْ وَجْهَهُ = (എന്നാൽ) തന്റെ മുഖം (സ്വയം) സമർപ്പിക്കുന്നവൻ (ഉണ്ടല്ലോ)

إِلَى اللَّهِ = അല്ലാഹുവിന് وَهُوَ مُحْسِنٌ = അവൻ നന്മ ചെയ്യുന്നവൻ (സുകൃതചാരി) ആയിക്കൊണ്ട്

فَقَدِ اسْتَمْسَكَ = അവൻ മുറുകെ പിടിച്ചിരിക്കുന്നു بِالْعُرْوَةِ الْوُثْقَىٰ = ബലിഷ്ഠമായ പിടിക്കയറിൽ

وَإِلَى اللَّهِ = അല്ലാഹുവിങ്കലേക്കു തന്നെയാകുന്നു عَاقِبَةُ الْأُمُورِ = (സകല) കാര്യങ്ങളുടെയും അന്തിമ പരിണതി

അന്ധമായ പിതൃഭക്തിയിൽനിന്നും അനുകരണഭ്രമത്തിൽനിന്നും മുക്തരായി ഏകനായ അല്ലാഹുവിൽ വിശ്വസിക്കുകയും അവനോടു മാത്രം വണക്കവും അടിമത്തവും പുലർത്തുകയും, ആ അടിമത്തം ആവശ്യപ്പെടുന്ന വിശിഷ്ടമായ ധാർമിക-സദാചാര ചര്യകൾ അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർ തീർച്ചയായും ചെകുത്താൻ നീട്ടുന്ന പ്രലോഭനങ്ങളുടെയും വ്യാമോഹങ്ങളുടെയും പാഴ്സ്വപ്നങ്ങളുടെയും ബാലിശമായ നാരുകൾ തള്ളിക്കളഞ്ഞ് ബലിഷ്ഠമായ ദൈവികപാശം മുറുകെ പിടിച്ചവരാകുന്നു. وَمَن يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ എന്ന വാക്യത്തിന്റെ ഭാഷാർഥം 'സുകൃതനായിക്കൊണ്ട് അല്ലാഹുവിലേക്ക് തന്റെ മുഖം സമർപ്പിച്ചവൻ' എന്നാകുന്നു. اسلام -ന്റെ വർത്തമാനക്രിയാരൂപമാണ് يُسْلِم. സമർപ്പണവും സമ്മതവും സമാധാനവും വിധേയത്വവുമെല്ലാം اسلام -ന്റെ അർഥങ്ങളിൽപെടുന്നു. يسلم -ന്റെ സാങ്കേതികാർഥം ഇസ്‌ലാം മതം സ്വീകരിക്കുന്നു എന്നാകുന്നു. സമർപ്പിക്കുന്നു എന്ന ഭാഷാർഥത്തിലാണ് ഇവിടെ പ്രയോഗിച്ചതെന്ന് وَجْهَهُ അതിന്റെ കർമമായി വന്നതിൽനിന്ന് മനസ്സിലാക്കാം. أسلم له എന്നാണ് പ്രചുരമായ പ്രയോഗം. ഖുർആൻ അധികവും പ്രയോഗിച്ചിട്ടുള്ളതങ്ങനെയാണ്. ഉദാ: بَلَىٰ مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ (2:112), قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ (2:131). 'ഇസ്‌ലാമി'ന്റെ എല്ലാ അർഥത്തിലുമുള്ള സമർപ്പണത്തെ സൂചിപ്പിക്കുന്നതാണ് اسلم له എന്ന പ്രയോഗമെന്ന് ഭാഷാഭിജ്ഞർ പറയുന്നു. أسلم اليه വണക്കത്തോടെയുള്ള സമർപ്പണവും. ദീനുൽ ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മുഴുവനായി ഉൾക്കൊള്ളുന്നതാണ് ആദ്യത്തേത്. വണക്കത്തിന്റെ ആശയം മുഴച്ചുനിൽക്കുന്നതാണ് രണ്ടാമത്തേത്. മനുഷ്യന്റെ ഏറ്റം പ്രൗഢവും പ്രധാനവുമായ ഭാഗമാണ് മുഖം. ഒരാൾ അത് മറ്റൊന്നിനു സമർപ്പിക്കുക അയാളെ മുഴുവനായി അതിനു സമർപ്പിക്കൽ തന്നെയാകുന്നു. ശ്രേഷ്ഠകർമം ആത്മാർഥമായും സുന്ദരമായും ചെയ്യുകയാണ് ഭാഷയിൽ احسان . ഇസ്‌ലാമിന്റെ ഭാഷയിൽ احسان ഇബാദത്തിന്റെ ഒരു പര്യായമാകുന്നു.

ഒരിക്കൽ പ്രവാചക ശിഷ്യന്മാർ അദ്ദേഹത്തോട് ചോദിച്ചു: ‘എന്താണ് ഇഹ്സാൻ?’ തിരുമേനിയുടെ മറുപടി ഇതായിരുന്നു: أَنْ تَعْبُدَ رَبَّك كَأَنَّكَ تَرَاهُ، فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ - ‘നീ നിന്റെ നാഥനെ നേരിൽ കാണുന്നു എന്ന വണ്ണം ഇബാദത്ത് ചെയ്യുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ടല്ലോ.’ വിശ്വാസി *മുഹ്സിൻ* ആകുമ്പോഴാണ് അല്ലാഹുവിനുള്ള അവന്റെ സമർപ്പണം യാഥാർഥ്യമാകുന്നത്. ഇഹ്സാൻ ഇല്ലാത്ത ഇസ്‌ലാം, ഈമാൻ ഇല്ലാത്ത സൽക്കർമം പോലെ അല്ലെങ്കിൽ സൽക്കർമം ഇല്ലാത്ത ഈമാൻ പോലെയാണ്. مَسّك (പിടിത്തം)-ന്റെ ആശയത്തിന് ദൃഢതയും സ്ഥിരതയും നൽകുന്ന രൂപമാണ് إِسْتِمْسَاك . മുറുകെ പിടിക്കുക എന്നർഥം. പൂർണവിശ്വാസമർപ്പിക്കത്തക്ക വണ്ണം ഏറ്റം ഉറപ്പുള്ളതാണ് وُثْقَىٰ . 2:256-ൽ അതിനെ ഒരിക്കലും പൊട്ടാത്തത് -لَا انفِصَامَ لَهَا- -എന്നുകൂടി വിശേഷിപ്പിക്കുന്നുണ്ട് فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ لَا انفِصَامَ لَهَا -‘പൈശാചിക ദുശ്ശക്തികളെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ഒരിക്കലും പൊട്ടാത്ത ബലിഷ്ഠ പാശത്തിൽ മുറുകെ പിടിച്ചിരിക്കുന്നു’ എന്നാണ് പറയുന്നത്. ഇവിടെ محسن -സുകൃതൻ- എന്നു പറഞ്ഞതിന്റെ താൽപര്യം പൈശാചിക ശക്തികളെയും അവയുടെ പ്രേരണകളെയും വെടിഞ്ഞ് അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിക്കുന്നവനെയാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

ജീവിത സാഫല്യത്തിലേക്കുള്ള മനുഷ്യന്റെ യാത്ര ഒട്ടും അനായാസമല്ല. പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടതുണ്ട്. പൈശാചികമായ പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും വ്യാമോഹങ്ങളെയും മറികടക്കണം. ത്യാഗങ്ങളനുഷ്ഠിക്കണം. പീഡനങ്ങൾ സഹിക്കണം. يَا أَيُّهَا الْإِنسَانُ إِنَّكَ كَادِحٌ إِلَىٰ رَبِّكَ كَدْحًا فَمُلَاقِيهِ -‘അല്ലയോ മർത്യാ, കൊടിയ ക്ലേശങ്ങൾ തരണം ചെയ്ത് സഞ്ചരിച്ച് വിധാതാവിനെ കണ്ടുമുട്ടേണ്ടവനാകുന്നു നീ’(84:6). കുത്തനെയുള്ള മലയുടെ മുകളിലേക്ക് കയറുന്നതുപോലെയാണാ യാത്ര. മനുഷ്യൻ വീണുപോകാതെ തന്നിലേക്ക് കയറിയെത്താൻ അല്ലാഹു തന്നെ ഇട്ടുകൊടുത്ത ബലിഷ്ഠമായ പിടിക്കയറാണ് ദീൻ, ദൈവിക ധർമശാസനം. അതൊരിക്കലും പൊട്ടിപ്പോവുകയില്ല. പക്ഷേ, പിടിത്തം അയഞ്ഞുപോയാൽ കയറു പൊട്ടിയില്ലെങ്കിലും ആരോഹകൻ താഴെ വീണുപോകും. അല്ലാഹു നീട്ടിക്കൊടുത്ത കയറിൽ പിടിക്കാതെ ചെകുത്താൻ നീട്ടുന്ന ബാലിശമായ നാരുകളുടെ വർണപ്പകിട്ടിൽ ആകൃഷ്ടരായി അതിൽ കയറിപ്പിടിക്കുന്നവർ കത്തിയെരിയുന്ന നരകത്തിന്റെ പീഡനത്തിലേക്ക് - إِلَىٰ عَذَابِ السَّعِيرِ - കൂപ്പുകുത്തുന്നു.

وَإِلَى اللَّهِ عَاقِبَةُ الْأُمُورِ വലിയൊരു മുന്നറിയിപ്പാകുന്നു. സാരമിതാണ്: അല്ലാഹുവിന്റേതല്ലാത്ത ബഹുവിധ പാശങ്ങളിൽ ആളുകൾ പിടിത്തമിട്ടിട്ടുണ്ടല്ലോ. അതുകൊണ്ടൊക്കെ എന്തെങ്കിലും ചില ഗുണങ്ങൾ കിട്ടാതിരിക്കില്ല എന്നാണ് വിചാരം. അതൊരു വ്യാമോഹം മാത്രമാകുന്നു. ഈ കള്ളക്കയറുകളൊന്നും ആർക്കും ഒരുപകാരവും ചെയ്യാൻ പോകുന്നില്ല. ആ കയറുകൾ പിടിച്ചവരാരും അതെറിഞ്ഞുതന്നവരിലേക്കല്ല എത്തുന്നത്. അവരടക്കം എല്ലാവരും ഒടുവിൽ വന്നെത്തുന്നത് അല്ലാഹുവിങ്കലാണ്. അവൻ മാത്രമാണ് രക്ഷാശിക്ഷകൾ വിധിക്കുന്നത്. വ്യാജ രക്ഷാപാശങ്ങളിൽ പിടിത്തമിട്ടവർക്കു വേണ്ടി അതെറിഞ്ഞുകൊടുത്ത വ്യാജരക്ഷകർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. രക്ഷകർ ചമഞ്ഞവരും രക്ഷിക്കപ്പെടുമെന്ന് വ്യാമോഹിച്ചവരും ഒരുപോലെ അവന്റെ വിധിക്കു വിധേയരാകുന്നു. ●

---

وَمَن كَفَرَ فَلَا يَحْزُنكَ كُفْرُهُ ۚ إِلَيْنَا مَرْجِعُهُمْ فَنُنَبِّئُهُم بِمَا عَمِلُوا ۚ إِنَّ اللَّهَ عَلِيمٌ بِذَاتِ الصُّدُورِ ﴿٢٣﴾

23. സത്യധർമങ്ങൾ നിഷേധിക്കുന്നവന്റെ നിഷേധം നിന്നെ വ്യഥിതനാക്കേണ്ടതില്ല. നമ്മിലേക്കു തന്നെയാണ് അവരുടെ മടക്കം. അവർ പ്രവർത്തിച്ചിരുന്നതൊക്കെയും അപ്പോൾ നാം അവർക്കു പറഞ്ഞുകൊടുക്കുന്നതാകുന്നു. നിശ്ചയം ഹൃദയങ്ങളിലൊളിഞ്ഞിരിക്കുന്ന രഹസ്യങ്ങൾ പോലും കൃത്യമായി അറിയുന്നവനത്രെ അല്ലാഹു.

نُمَتِّعُهُمْ قَلِيلًا ثُمَّ نَضْطَرُّهُمْ إِلَىٰ عَذَابٍ غَلِيظٍ ﴿٢٤﴾

24. ഭൗതിക ലോകത്ത് ക്ഷണനേരം നാം അവരെ സുഖിപ്പിക്കുന്നു. പിന്നെ കൊടിയ ശിക്ഷയിലേക്കു തള്ളിവിടുന്നു.

### 23-24

وَمَن كَفَرَ = വല്ലവനും നിഷേധിച്ചാൽ (സത്യധർമങ്ങൾ നിഷേധിക്കുന്നവന്റെ)

فَلَا يَحْزُنكَ كُفْرُهُ = അവന്റെ നിഷേധം നിന്നെ വ്യഥിതനാക്കേണ്ടതില്ല

إِلَيْنَا مَرْجِعُهُمْ = നമ്മിലേക്കു തന്നെയാണ് അവരുടെ മടക്കം

فَنُنَبِّئُهُم بِمَا عَمِلُوا = അപ്പോൾ അവർ പ്രവർത്തിച്ചിരുന്നത് (ഒക്കെയും) നാം അവർക്ക് പറഞ്ഞുകൊടുക്കുന്നു(ന്നതാകുന്നു)

إِنَّ اللَّهَ عَلِيمٌ = അല്ലാഹു എല്ലാം ഏറ്റവും (കൃത്യമായി) അറിയുന്നവനാകുന്നു

بِذَاتِ الصُّدُورِ = ഹൃദയങ്ങളിലുള്ളതിനെ(ളിൽ ഒളിഞ്ഞിരിക്കുന്ന രഹസ്യങ്ങൾ പോലും)

نُمَتِّعُهُمْ = ഭൗതികലോകത്ത് നാം അവരെ സുഖിപ്പിക്കുന്നു قَلِيلًا = തുഛം (ക്ഷണനേരം) ثُمَّ = പിന്നെ

نَضْطَرُّهُمْ = നാം അവരെ നിർബന്ധിതരാക്കുന്നു (തള്ളിവിടുന്നു)

إِلَىٰ عَذَابٍ غَلِيظٍ = പരുഷമായ (കൊടിയ) ശിക്ഷയിലേക്ക്

മുൻസൂക്തം അവിശ്വാസികൾക്ക് നൽകിയ താക്കീത് ഒന്നുകൂടി ഊന്നിപ്പറഞ്ഞുകൊണ്ട്, അവിശ്വാസികളുടെ കടുത്ത എതിർപ്പും നിഷേധവും നേരിടുന്ന പ്രബോധകനെ സമാശ്വസിപ്പിക്കുകയാണ്: ദൈവികസന്ദേശം നിഷേധിക്കുന്നവർ നിഷേധിച്ചുകൊള്ളട്ടെ. പ്രബോധകൻ അതിൽ ആധിയും വ്യാധിയും കൊള്ളേണ്ട കാര്യമില്ല. ഒടുവിൽ എല്ലാവരും അല്ലാഹുവിന്റെ കോടതിയിൽ എത്തിച്ചേരേണ്ടതുണ്ടല്ലോ. അന്ന് ഈ നിഷേധികളുടെ ചെയ്തികളെല്ലാം, അവയുടെയൊക്കെ യാഥാർഥ്യം എന്താണെന്ന് അവർക്ക് തുറന്നു കാണിച്ചുകൊടുക്കും. അതൊന്നും നിഷേധിക്കാനോ ന്യായീകരിക്കാനോ അവർക്കാവില്ല. അവരുടെ ഹൃദയങ്ങളിലൊളിഞ്ഞു കിടക്കുന്ന രഹസ്യങ്ങൾപോലും സൂക്ഷ്മമായി കാണുന്ന സർവജ്ഞനാണ് അല്ലാഹു. ഉയിർത്തെഴുന്നേൽപും വിചാരണയുമൊക്കെ വളരെ വളരെ വിദൂരമായ കാര്യങ്ങളാണ് എന്നതും അവരുടെ തെറ്റിദ്ധാരണയാണ്. വാസ്തവത്തിൽ ഭൗതികജീവിതം തീരെ ക്ഷണികവും പരിമിതവുമാണ്. ഈ എണ്ണപ്പെട്ട നാളുകളിൽ അല്ലാഹു അവർക്ക് കുറച്ച് അനുഗ്രഹങ്ങൾ നൽകുന്നുണ്ട്. അതൊക്കെ എന്നും തങ്ങൾക്ക് അവകാശപ്പെട്ടതാണെന്നും ഏതെങ്കിലും വിദൂരയുഗത്തിൽ മരണാനന്തരം ഒരു ജീവിതം സംഭവിക്കുകയാണെങ്കിൽ അപ്പോഴും ഇതുപോലുള്ള സൗഭാഗ്യജീവിതം തന്നെയായിരിക്കും ലഭിക്കുക എന്നും വ്യാമോഹിക്കുകയാണവർ. വാസ്തവത്തിൽ, പരലോകം വിദൂരമായ ഒന്നല്ല. മരിച്ചുകഴിഞ്ഞവർ ഉടനെ അവിടെയെത്തും. ഭൂമിയിൽ ഒരു ദിവസമോ അര ദിവസമോ മാത്രമേ വസിച്ചിട്ടുള്ളൂ എന്നാണ് അപ്പോഴവർക്ക് തോന്നുക. തുടർന്ന് അവർ കൊടിയ ശിക്ഷയിലേക്ക് വലിച്ചിഴക്കപ്പെടുകയായി. ഒരാളെ സമ്മർദത്തിന് വിധേയനാക്കലും നിർബന്ധിതനാക്കലുമായ اضطرار -ൽനിന്നുള്ള ക്രിയയാണ് نَضْطَرُّ . ഇതിന് നമ്മുടെ ശിക്ഷാവിധി അവരെ നരകത്തിലേക്കു പോകാൻ നിർബന്ധിതരാക്കുന്നു എന്നർഥമാവാം. ശിക്ഷാവിധിക്കു ശേഷം മലക്കുകൾ അവരെ നരകത്തിലേക്ക് തള്ളിവിടുകയോ വലിച്ചിഴച്ചു കൊണ്ടുപോവുകയോ ചെയ്യുന്നു എന്നുമാവാം. നരകത്തിൽ പതിക്കുകയല്ലാതെ അവർക്ക് ഗത്യന്തരമില്ല എന്നാണ് രണ്ടിന്റെയും സാരം. ●

---

وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ اللَّهُ قُلِ الْحَمْدُ لِلَّهِ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٥﴾

25. വാനഭുവനങ്ങൾ സൃഷ്ടിച്ചവനാരെന്നു ചോദിച്ചാൽ അത് അല്ലാഹു തന്നെ എന്ന് അവർ പറയുന്നു. നീ അൽഹംദു ലില്ലാഹ് എന്നു പ്രകീർത്തിക്കുക. പക്ഷേ, അധികജനവും അറിയുന്നില്ല.

لِلَّهِ مَا فِي السَّمَاوَاتِ وَالْأَرْضِ إِنَّ اللَّهَ هُوَ الْغَنِيُّ الْحَمِيدُ ﴿٢٦﴾

26. ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹുവിന്റേതു മാത്രമാകുന്നു. തീർച്ചയായും അല്ലാഹു, അവൻ തന്നിൽതന്നെ എല്ലാം തികഞ്ഞ പരാശ്രയാതീതനും സ്തുത്യനും തന്നെയാകുന്നു.

**25-26**

وَلَئِن سَأَلْتَهُم = നീ അവരോടു ചോദിച്ചാൽ
مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ = വാനഭുവനങ്ങളെ സൃഷ്ടിച്ചവനാര് (എന്ന്)
لَيَقُولُنَّ اللَّهُ = തീർച്ചയായും അവർ പറയുന്നു, (അത്) അല്ലാഹു (തന്നെ എന്ന്)
قُلِ = (നീ പ്രകീർത്തിക്കുക) പറയുക الْحَمْدُ لِلَّهِ = അൽഹംദു ലില്ലാഹ് (എന്ന്)
بَلْ = പക്ഷേ, أَكْثَرُهُمْ = അവരിൽ അധിക(ജന)വും لَا يَعْلَمُونَ = അറിയുന്നില്ല
لِلَّهِ مَا فِي السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹുവിന്റേതു മാത്രമാകുന്നു
إِنَّ اللَّهَ = തീർച്ചയായും അല്ലാഹു هُوَ = അവൻ തന്നെയാകുന്നു
الْغَنِيُّ الْحَمِيدُ = (തന്നിൽതന്നെ എല്ലാം തികഞ്ഞ പരാശ്രയാതീതനും സ്തുത്യനും) സ്തുത്യനായ സ്വയംപര്യാപ്തൻ

ആത്യന്തികമായ നന്ദിയും കൂറും അല്ലാഹുവിനുമാത്രം അവകാശപ്പെട്ടതാണെന്നതിന് ബഹുദൈവാരാധകർ സ്വയം സമ്മതിക്കുന്നതും നിഷേധിക്കാനാവാത്തതുമായ ഒരു ന്യായം ഉന്നയിക്കുകയാണ്: വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും സ്രഷ്ടാവാരാണെന്ന് അവരോടു ചോദിച്ചുനോക്കുക. അത് അല്ലാഹു അഥവാ സാക്ഷാൽ ദൈവം, പരമേശ്വരൻ തന്നെയാണെന്ന് അവർ നിസ്സങ്കോചം സമ്മതിക്കുന്നു. തങ്ങൾ പൂജിക്കുന്ന ഏതെങ്കിലും വിഗ്രഹമോ മറ്റു ചരാചരങ്ങളോ ആണ് അവ സൃഷ്ടിച്ചതെന്ന് ആരും പറയില്ല, പറയാൻ കഴിയില്ല. ആ മൗലിക സത്യം അവർ സമ്മതിക്കുന്നതിന് അല്ലാഹുവിനെ സ്തുതിക്കുക. സാക്ഷാൽ ദൈവം ഏകനാണെന്നും ആരാധനകൾക്കർഹൻ അവൻ മാത്രമാണെന്നും അടിസ്ഥാനപരമായി സമ്മതിക്കുകയാണവർ അതുവഴി ചെയ്യുന്നത്. പ്രപഞ്ചമഖിലം അല്ലാഹു സൃഷ്ടിച്ചതാണെങ്കിൽ, അവർ പൂജിക്കുന്ന ദൈവങ്ങളടക്കം സകല ചരാചരങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവന്റെ

ഉടമസ്ഥതയിലുള്ളതാണ്. അവന്റെ സൃഷ്ടിയും അടിമയുമല്ലാത്തതായി യാതൊന്നുമില്ല. എല്ലാം അവനെ ആശ്രയിച്ചു നിലകൊള്ളുന്നു. അവനാവട്ടെ എല്ലാവിധ ആശ്രയത്തിനും അതീതനാണ്. സ്തുതീയമായ സർവ സൽഗുണങ്ങളാലും സമ്പൂർണനാണ്. ഇതാണ് യാഥാർഥ്യമെന്നിരിക്കെ മനുഷ്യർ അവനെ വിട്ട് അവന്റെ സൃഷ്ടികളും അടിമകളുമായ വസ്തുക്കളോട് നന്ദിയും കൂറും പുലർത്തുന്നതിൽ എന്തർഥമാണുള്ളത്? സത്യത്തിൽ ബഹുദൈവാരാധന സാക്ഷാൽ ദൈവത്തെ അപമാനിക്കലും നിന്ദിക്കലുമാകുന്നു. ഒരാൾ തന്റെ പിതാവിന്റെ കൺമുമ്പിൽ വെച്ച് മറ്റൊരാളെ പിതാവായി വരിക്കുകയും യഥാർഥ പിതാവിനെ ധിക്കരിക്കുകയും അവഗണിക്കുകയും ചെയ്തുകൊണ്ട് വ്യാജ പിതാവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നത് കടുത്ത പിതൃനിന്ദയാണെന്ന് എല്ലാവരും സമ്മതിക്കുമല്ലോ. അതിനേക്കാൾ എത്രയോ കടുത്ത ദൈവനിന്ദയാണ് സാക്ഷാൽ ദൈവത്തെ വെടിഞ്ഞ് അവന്റെ സ്ഥാനത്ത് അവന്റെ അടിമകളെ ആരാധിക്കുന്നത്.

പക്ഷേ, ബഹുദൈവാരാധകരായ അധികജനവും ഈ യാഥാർഥ്യം മനസ്സിലാക്കുന്നില്ല. അഥവാ അതേക്കുറിച്ച് ആലോചിക്കുന്നില്ല. ആലോചിക്കാൻ ഇഷ്ടപ്പെടുന്നില്ല. കഴിഞ്ഞ സൂറ *അൽ അൻകബൂത്ത്* 61,63 സൂക്തങ്ങളിലും ഇക്കാര്യം ഉണർത്തുന്നുണ്ട്. അവിടെ بَلْ أَكْثَرُهُمْ لَا يَعْقِلُونَ- 'അധികജനവും ബുദ്ധിപൂർവം ഗ്രഹിക്കുന്നില്ല' എന്നാണ് പറയുന്നത്. അതിന്റെ തന്നെ മറ്റൊരു പാഠമാണ് بَلْ أَكْثَرُهُمْ لَا يَعْلَمُونَ. ബുദ്ധിപൂർവം കാര്യങ്ങൾ ചിന്തിച്ചറിയുന്നവർക്ക് ഈ യാഥാർഥ്യം അനായാസം ബോധ്യപ്പെടുന്നതാണ്. പക്ഷേ, അധികമാളുകളും അങ്ങനെ ചെയ്യുന്നില്ല. ആസക്തികളും സ്വാർഥതാൽപര്യങ്ങളും കുടുംബനിലവാരവും ദേശീയ സങ്കൽപങ്ങളുമൊക്കെ മാറ്റിനിർത്തിയുള്ള നിഷ്കളങ്കമായ സത്യാന്വേഷണമാണ് تعقل കൊണ്ട് വിവക്ഷ. അതിന്റെ ഫലമായുണ്ടാകുന്ന ബോധ്യമാണ് علم. സത്യാന്വേഷണം മേൽപറഞ്ഞ ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുമ്പോൾ കണ്ടെത്തുന്നത് പലപ്പോഴും സത്യമായിരിക്കുകയില്ല; മുൻധാരണകളെ സാധൂകരിക്കുന്ന വ്യാജ ന്യായങ്ങളായിരിക്കും.

നേരത്തേ 12-ാം സൂക്തത്തിൽ إِنَّ اللَّهَ غَنِيٌّ حَمِيدٌ എന്നു വന്നിട്ടുണ്ട്. غَنِيٌّ- حَمِيدٌ എന്നീ പദങ്ങളുടെ അർഥം അവിടെ വിശദമാക്കിയിരിക്കുന്നു. ഇവിടെ إِنَّ اللَّهَ هُوَ الْغَنِيُّ الْحَمِيدُ - 'അല്ലാഹു മാത്രമാകുന്നു ഗനിയ്യും ഹമീദും എന്നു പറഞ്ഞതിന്റെ താൽപര്യമിതാണ്: വാനഭുവനങ്ങളിലുള്ളതൊക്കെയും അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമായതിനാൽ അവ സമ്പൂർണമായി അല്ലാഹുവിനെ ആശ്രയിച്ചുമാത്രം നിലകൊള്ളുന്നു. യാതൊന്നും സ്വയംപര്യാപ്തമല്ല. അല്ലാഹു മാത്രമാകുന്നു തന്നിൽതന്നെ എല്ലാം തികഞ്ഞവനും സർവ സ്തുതീയനും. അതിനാൽ സൃഷ്ടികളുടെ നന്ദിയും കൂറും ആരാധനയും പ്രാർഥനയുമെല്ലാം അർഹിക്കുന്നതും അവൻ മാത്രമാകുന്നു. അവന്റെ തികവും മികവും പറഞ്ഞു തീർക്കാനാവാത്തവണ്ണം അപാരവും അനന്തവുമാണെന്നാണ് തുടർന്നു പറയുന്നത്. ●